# അഷ്ടദിന ജപങ്ങൾ

## പ്രാരംഭ ഗാനം

*(രീതി: അധ്വാനിക്കുന്നവർക്കും...)*

സ്നേഹത്തിൽ പൂവനിയിൽ പുണ്യസൂനം വിടർത്തും
കാരുണ്യതാതൻ വന്ദ്യ കാവുകാട്ടുപിതാവേ,

നിൻ സവിധേയണയും മക്കൾതൻ യാചനകൾ
കേട്ടു സമർപ്പിക്ക നീ സർവേശസന്നിധിയിൽ.

തിരുസഭാമക്കൾ തന്റെ വിശ്വസ്തപാലകനായ്
സഹനത്തിൻ വീഥിതന്നിൽ ധീരമായ് നീ നയിച്ചു.

പുണ്യത്തിൻ മാതാവാകും വിനയത്തിൻ മാതൃകയാൽ
അഗതികളെയെന്നും നീ മാറോടു ചേർത്തണച്ചു.

ആടുകൾക്കായെന്നെന്നും സ്വംജീവനർപ്പിച്ചീടും
നല്ലിടയനീശോതൻ തിരുമുഖം നിന്നിൽ കാൺമൂ.

കേഴുന്നീ മക്കൾ തന്റെ രോദനമർച്ചനയായ്
നേദിപ്പൂ നിൻ സവിധേ, പ്രാർത്ഥിക്ക പുണ്യതാതാ.



# പ്രാരംഭ പ്രാർത്ഥന

കാർമ്മി: കാരുണ്യവാനായ കർത്താവേ, അങ്ങയുടെ അനന്തമായ സ്നേഹത്തെയും പരിപാലനയെയും ഓർത്തു ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു. നന്ദി പറയുന്നു. ഞങ്ങളെ മുഴുവനായും അങ്ങേയ്ക്കു സമർപ്പിക്കുന്നു. അങ്ങയുടെ സ്നേഹത്തിൽനിന്ന് അകന്നുപോയ നിമിഷങ്ങളോർത്തു ഞങ്ങൾ അനുതപിക്കുന്നു. അങ്ങേ വിശ്വസ്തദാസനായ കാവുകാട്ടു പിതാവിനു അങ്ങു നൽകിയ നിരവധിയായ നന്മകളെയും ദാനങ്ങളെ യും വരങ്ങളെയും ഓർത്തു ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ അങ്ങേ ദാസനെ നയിച്ചതുപോലെ ഞങ്ങളെയും നയിക്കണമേ. സ്നേഹഈശോയെ, അവിടുത്തെ ദാസന്റെ പ്രാർത്ഥനയോടുചേർത്ത് ഞങ്ങൾ അർപ്പിക്കുന്ന ഈ യാചന ദയാപൂർവ്വം സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമെ.

സമൂ. ആമ്മേൻ

# ഒന്നാം ദിവസം

## വിശ്വാസം

കാർമ്മി: "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു ജീവജലത്തിന്റെ അരുവികൾ ഒഴുകും" എന്നരുളിയ തിരുനാഥാ, ആത്മാവിന്റെ നിറവിനായി ഞങ്ങൾ ദാഹിക്കുന്നു. നല്ല ഈശോയേ, അങ്ങേ ദാസനായ കാവു

കാട്ടു പിതാവിനെ വിശ്വാസത്തിന്റെ പാതയിലൂടെ നയിച്ചതിനു ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു. ഞങ്ങളുടെ ജീവിതവീഥിയിലും അങ്ങയുടെ തൃക്കരം കാണാനുള്ള സജീവ വിശ്വാസവും ഇപ്പോൾ ഞങ്ങൾ യാചിക്കുന്ന അനുഗ്രഹവും (നിയോഗം) ഞങ്ങൾക്കു നൽകുമാറാകണമേ.

## സമൂഹപ്രാർത്ഥന

കാർമ്മി: നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടെ കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ

കാർമ്മി: സ്വന്തം കഴിവുകളിൽ വിശ്വസിക്കാതെ ദൈവപിതാവിന്റെ അനന്തപരിപാലനയിൽ ആശ്രയിക്കുവാനും, വിനീതമായ സേവനം വഴി ജീവിതത്തെധന്യമാക്കുവാനുള്ള അനുഗ്രഹം നല്കണമെന്ന്പ്രാർത്ഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ

കാർമ്മി: സ്വർഗ്ഗീയ പിതാവിന്റെ സ്നേഹവും കാരുണ്യവും ജീവിതത്തിൽ അന്വർത്ഥമാക്കിയ വത്സലപിതാവിനെപ്പോലെ ഞങ്ങളെ സ്നേഹിക്കാത്തവരെയും സ്നേഹിക്കുവാനുള്ള അനുഗ്രഹം തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ



കാർമ്മി: ഏറ്റം നിസ്സാരമായ സഹനംപോലും വിശുദ്ധീകരണത്തിനുവേണ്ടി ദൈവം മുൻകൂട്ടി സജ്ജീകരിച്ചതാണെന്നു മനസ്സിലാക്കി അവയെ പ്രശാന്തതയോടെ സ്വീകരിച്ച ദൈവദാസനെപ്പോലെ ഞങ്ങളുടെ വേദനകളെ കർത്താവിന്റെ പീഡാസഹനങ്ങളോടു ചേർത്ത് അതു രക്ഷയുടെ ഉപകരണമാക്കാൻ അനുഗ്രഹം തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ

കാർമ്മി: ശാരീരികവും മാനസികവുമായ വേദനകളുടെ മധ്യത്തിലും ദൈവഹിതത്തിനു കീഴ്വഴങ്ങിയ ദൈവദാസനപ്പോലെ ദൈവഹിതം അന്വേഷിച്ചറിയാനുംഅതു ജീവിതത്തിൽ പ്രാവർത്തികമാക്കാനും ഞങ്ങളെ പഠിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ

കാർമ്മി: പാവപ്പെട്ടവരിലും അവശതയനുഭവിക്കുന്നവരിലും ദൈവത്തെ ദർശിച്ച അഭിവന്ദ്യപിതാവിനെപ്പോലെ ഞങ്ങൾ കണ്ടുമുട്ടുന്ന സകലരിലും ഈശോയെ കാണുവാനുള്ള കൃപാവരം നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ

കാർമ്മി: വിളവുകൾ സമൃദ്ധം, വേലക്കാർ ചുരുക്കം. ആകയാൽ നിങ്ങൾ വിളവിന്റെ നാഥനോടു

പ്രാർത്ഥിക്കുവിൻ എന്നരുളിയ കർത്താവേ, ദൈവരാജ്യം പ്രസംഗിക്കുന്നതിനായി ഞങ്ങളുടെയിടയിൽനിന്നു ധാരാളം പ്രേഷിതരെ തിരഞ്ഞെടുക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ, അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ, ഞങ്ങളോടു തെറ്റു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ; ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ; ദുഷ്ടാരൂപിയിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. ആമ്മേൻ.



## സമാപന പ്രാർത്ഥന

കാർമ്മി: "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവർക്ക് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല" എന്നു ഞങ്ങളെ പഠിപ്പിച്ച ഈശോയേ, എല്ലാവരിലും വിശിഷ്യ, രോഗികളിലും നിരാലംബരിലും അങ്ങയെ ദർശിച്ച് അവർക്കു സ്നേഹപൂർവ്വം സേവനം ചെയ്യാനുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതിനും, ശുശ്രൂഷിക്കപ്പെടുന്നതിനേക്കാൾ ശുശ്രൂഷിക്കുന്നതിനും ഞങ്ങളെ കഴിവുള്ളവരാക്കണമേ. വിശ്വാസമില്ലാത്ത പ്രവൃത്തി നിർജ്ജീവമെന്നു പഠിപ്പിച്ച മിശിഹായേ, ജീവിതവൃത്തികളിൽ വിശ്വാസത്തിന്റെയും ശരണത്തിന്റെയും കരുണാർദ്രമായ സ്നേഹത്തിന്റെയും ചൈതന്യം നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ.

സമൂ. ആമ്മേൻ

## സമാപന ഗാനം

*(രീതി: അധ്വാനിക്കുന്നവർക്കും...)*

കാരുണ്യവാൻ പിതാവേ, കാവുകാട്ടു പിതാവേ,
കേഴുന്നു ഏഴകളാം മക്കൾ നിൻ സന്നിധിയിൽ.

കേൾക്കണേ രോദനങ്ങൾ, നൽകണേ യാചനകൾ
ദൈവത്തിൽ തിരുസവിധത്തിൽ മദ്ധ്യസ്ഥനായീടണേ.

തിരുസഭതൻ വിശ്വസ്തനാം നൽതനയൻ വന്ദ്യപിതാവേ,
ഞങ്ങളും വിശ്വസ്തരായ് ജീവിക്കാൻ വരമേകണമേ.

സഹനത്തിൻ തീച്ചൂളയതിൽ നീറുന്ന കാലങ്ങളിലും
രക്ഷതൻ മാർഗ്ഗമതായി നീയതിനെ പുല്കിയല്ലോ.

പ്രക്ഷുബ്ധനേരങ്ങളിൽ ശാന്തതയിൽ വേരൂന്നിയ നീ
തിരുക്കുരിശിൻ ശാന്തതയെ ധീരമായ് ജീവിച്ചല്ലോ.

ഞങ്ങൾ നിൻ മക്കളുമതുപോൽ ദൈവഹിതം തേടിടുവാനും
പുണ്യത്തിൽ ജീവിക്കാനും ദൈവത്തോടർത്ഥിക്കണമേ.

*എല്ലാ ദിവസവും ആരംഭഗാനം, പ്രാരംഭ പ്രാർത്ഥന, അതതു ദിവസത്തെ ചിന്താധാര, സമൂഹ പ്രാർത്ഥന, സമാപന പ്രാർത്ഥന, സമാപന ഗാനം ഇവചൊല്ലണം.*



## രണ്ടാം ദിവസം

### ശരണം

കാർമ്മി: സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നതുപോലെ സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യമായവരും ശുദ്ധിചെയ്യപ്പെടുന്നു എന്നത് സ്വജീവിതത്തിലനു ഭവിച്ചറിഞ്ഞ ദൈവദാസൻ കാവുകാട്ടു പിതാവിനോടൊത്ത് ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു. നന്മയിലും വിശുദ്ധിയിലും മുന്നേറാൻ വന്ദ്യപിതാവിനു നൽകിയ എല്ലാ നല്ല അവസരങ്ങളെയും ഓർത്തു ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു. ഞങ്ങളുടെ അനുദിന ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്നവ എല്ലാം അവിടുത്തെ പദ്ധതിപ്രകാരം എന്ന് വിശ്വസിച്ച് അതിലൂടെ ഞങ്ങളുടെ വിശുദ്ധീകരണം നേടാമെന്ന് പ്രത്യാശിക്കാനുള്ള കൃപയും ഞങ്ങൾ യാചിക്കുന്ന അനുഗ്രഹവും (നിയോഗം) ഞങ്ങൾക്കു നൽകുമാറാകണമേ.
സമൂ: ആമ്മേൻ

## മൂന്നാം ദിവസം

### കരുണാർദ്രമായ സ്നേഹം

കാർമ്മി: നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്നു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരമായി തന്റെ പുത്രനെ അയയ്ക്കുകയും പരിഹാരമായി തന്റെ പുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണു സ്നേഹം എന്ന തിരുവചനം മനസ്സിലാക്കി സഹോദരങ്ങളെ സ്നേഹിക്കുവാനും അവരെ അംഗീകരിക്കുവാനും വന്ദ്യപിതാവിനെ അനുഗ്രഹിച്ച ഈശോയേ, അങ്ങയുടെ മഹാസ്നേഹത്തിന്റെ മുമ്പിൽ ഞങ്ങൾ

ശിരസ്സുനമിക്കുന്നു. സ്നേഹത്തിൽ സേവനം ചെയ്യുക എന്ന ആദർശം സ്വീകരിച്ച് അജഗണങ്ങളുടെ പ്രശ്നങ്ങളെ സ്വന്തമായി കണ്ട് അങ്ങേ വിശ്വസ്തദാസനെ ഓർത്തു ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോ ലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ എന്ന കല്പന സ്വജീവിതത്തിൽ പകർത്തിയ കാവുകാട്ടു പിതാവിനെപ്പോലെ നിസ്വാർത്ഥമായ സ്നേഹവും ആത്മാർത്ഥതയും ഞങ്ങൾക്കു നൽകണമേ. പ്രത്യേകമായി ഞങ്ങൾ യാചിക്കുന്ന അനുഗ്രഹവും (നിയോഗം) ഞങ്ങൾക്കു നൽകുമാറാകണമേ.
സമൂ. ആമ്മേൻ

## നാലാം ദിവസം

### വിനയം

കാർമ്മി: "ഞാൻ ഹൃദയശാന്തതയും എളിമയും ഉള്ളവനാകുന്നു നിങ്ങൾ എന്നിൽനിന്നു പഠിക്കുവിൻ" എന്നരുളിച്ചെയ്ത ദിവ്യനഥാ പ്രതികൂല സാഹചര്യങ്ങളിൽ മാധുര്യത്തോടെ - സ്നേഹത്തോടെ പെരുമാറിക്കൊണ്ട് അങ്ങയു ടെ ശാന്തതയ്ക്കും എളിമയ്ക്കും സാക്ഷ്യം വഹിച്ച വന്ദ്യ പിതാവിനെ ഓർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു, ആരാധിക്കുന്നു, നന്ദിപറയുന്നു. ദരിദ്രനും വിനീതനുമായി അങ്ങയെ അനുകരിച്ച് അധികാരവും സമ്പത്തും സ്വാധീനശക്തിയു എല്ലാം വെടിഞ്ഞു ലാളിത്യവും ആത്മാർത്ഥതയും കൈമുതലാക്കി ജീവിതാന്ത്യംവരെ വിനീതമനോഭാവം പുലർത്തുവാൻ കാവുകാട്ടുപിതാവിനെ അങ്ങു



ശക്തിപ്പെടുത്തിയല്ലോ. ജീവിതത്തിന്റെ വിവിധ മേഖലകളിൽ മറ്റുള്ളവരോട് വിനയപൂർവ്വം പെരുമാറുവാനുള്ള കൃപാവരവും പ്രത്യേകമായി ഞങ്ങളപേക്ഷിക്കുന്ന അനുഗ്രഹവും (നിയോഗം) ഞങ്ങൾക്കു നല്കുമാറാകണമേ.
സമൂ. ആമ്മേൻ

## അഞ്ചാം ദിവസം

### സഹനം

കാർമ്മി: "നാളയെപ്പറ്റി നിങ്ങൾ ചിന്താകുലരാകേണ്ട. നാളത്തെ ദിനംതന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും, ഓരോ ദിവസത്തിനും അതതിന്റെ കഷ്ടപ്പാടുകൾ മതിയല്ലോ" എന്ന വചനമനുസരിച്ച് ദൈവം അനുവദിക്കുന്ന അനുദിന ദുഃഖദുരിതങ്ങളെ, കുരിശുകളെ, നിന്ദനങ്ങളെ ശാന്തമായി സ്വീകരിക്കുവാൻ വന്ദ്യപിതാവിനെ അനുഗ്രഹിച്ച നല്ലയീശോയേ, ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. ജീവിതത്തിൽ അഭിമുഖികരിക്കേണ്ടിവന്ന വേദനകളും ജോലിഭാരങ്ങളും നന്മയ്ക്കുള്ള മാർഗ്ഗമായി സ്വീകരിച്ച് പിതാവിനെപ്പോലെ ജീവിതക്ലേശങ്ങളെ ക്ഷമയോടും സ്നേഹത്തോടും പ്രതീക്ഷയോടുംകൂടെ സഹിക്കുവാനുള്ള പ്രാ പ്തിയും പ്രത്യേകമായി ഞങ്ങൾ യാചിക്കുന്ന അനുഗ്രഹവും (നിയോഗം) ഞങ്ങൾക്കു നല്കുമാറാകണമേ.
സമൂ. ആമ്മേൻ

# ആറാം ദിവസം

## വചനാഭിമുഖ്യം

കാർമ്മി: "വചനം മാംസമായി നമ്മുടെ ഇടയി ൽ വസിച്ചു." ഈ സത്യം ജീവിതത്തിൽ അനുഭവിച്ചറിയാൻ, ദൈവസാന്നിധ്യത്തിലായിരിക്കാൻ അങ്ങേ വിശ്വസ്ത ദാസനായകാവുകാട്ടു പിതാവിനെ അനുഗ്രഹിച്ച നല്ല ദൈവമേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു, ആരാധിക്കുന്നു, നിനക്കു ഞങ്ങൾ നന്ദി പറയുന്നു. ദൈവവചനത്തിന്റെ അർത്ഥവും ആഴവും ശക്തിയും നന്നായി മനസ്സിലാക്കി മതബോധനം, വിദ്യാഭ്യാസം, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ വഴി അനേകർക്ക് ഈശോയെ കാണിച്ചു കൊടുക്കുകയും അതിനു മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത വന്ദ്യ പിതാവിനെപ്പോലെ സുവിശേഷവൽക്കരിക്കപ്പെട്ട ഒരു ജനതയെ രൂപപ്പെടുത്തുന്നതിന് ഞങ്ങളെയും ശക്തരാക്കണമേ. ഞങ്ങൾ ആയിരിക്കുന്ന ജീവിതാവസ്ഥകളിലൂടെ സുവിശേഷം പ്രഘോഷിക്കുവാനുള്ള വരവും പ്രത്യേകമായി ഞങ്ങൾ യാചിക്കുന്ന അനുഗ്രഹവും (നിയോഗം) ഞങ്ങൾക്കു നല്കുമാറാകണമേ.

സമൂ. ആമ്മേൻ



# ഏഴാം ദിവസം

## ദൈവമാതൃഭക്തി

കാർമ്മി: സകല നന്മകളാലും അനുഗ്രഹങ്ങളാലും മറിയത്തെ അലങ്കരിച്ച ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ ആത്മശരീരങ്ങളെ സംശുദ്ധമായി എല്ലാ അപകടങ്ങളിൽനിന്നും കാത്തുസൂക്ഷിക്കുവാൻ ക്രൂശിൽ കിടന്ന് മറിയത്തെ മാതാവായി ഞങ്ങൾക്ക് നല്കിയ ഈശോയെ, നി ന്നെ ഞങ്ങൾ ആരാധിക്കുന്നു. ഈശോയിലൂടെ പിതാവിൻ പക്കലേക്ക് ഞങ്ങളെനയിക്കാൻ കാത്തിരിക്കുന്ന മാതാവേ, മക്കളായ ഞങ്ങൾ ഈ ലോകയാത്രയിൽ കാലിടറാതെ മുന്നേറു വാനുള്ള കൃപാവരം ഞങ്ങളിൽ വർഷിക്കുവാൻ അവിടുത്തെ തിരുക്കുമാരനോട് പ്രാർത്ഥിക്കണമേ. അമ്മേ, മാതാവേ, ഈശോയുടെ സവിധത്തിലേക്ക് ഞങ്ങളുടെ വന്ദ്യപി താവിനെ സ്നേഹത്തോടെ നയിച്ചതുപോലെ ഞങ്ങളെയും അവിടത്തെ പക്കലേക്കു നയിക്കണമേ. നി ന്നിൽ ശരണം തേടിയ കാവുകാട്ടു പിതാവിനെ എല്ലാ കൃപയാലും നിറച്ചതുപോലെ ഞങ്ങളെയും നിറയ്ക്കണമേ. നിന്നിൽ ആശ്രയം തേടി നിരവധി അനുഗ്രഹങ്ങൾ പ്രാപിച്ച അഭിവന്ദ്യ പിതാവിനെ ഓർത്തു ദൈവമേ ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. പരിശുദ്ധ അമ്മവഴി ഞങ്ങളുടെ വത്സലപിതാവിനെ ധാരാളമായി അനുഗ്രഹിച്ച ഈശോയേ ആ അമ്മയുടെ മാദ്ധ്യസ്ഥ്യത്താൽ ഞങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. അതോടൊപ്പം ഞങ്ങൾ ആഗ്രഹിച്ചപേക്ഷിക്കുന്ന അനുഗ്രഹവും (നിയോഗം) ഞങ്ങൾക്കു നല്കുമാറാകണമേ.

സമൂ. ആമ്മേൻ